## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2161

05.12.2018 ൽ മറുപടിയ്ക്ക്

### ജയിലുകളുടെ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ ജയിൽതടവുകാരുടെ സൗകര്യങ്ങൾ ആധുനിക കാഴ്ചപ്പാടിന് അനുസരിച്ച് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ ; | (എ) | കേരളത്തിലെ ജയിലുകളിലെ തടവുകാരുടെ ബാഹുല്യത്തിന് ഒരു പരിഹാരം എന്ന നിലയിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വിനിയോഗിച്ചുകൊണ്ട് 5 പുതിയ ജയിലുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ടി ജയിലുകൾകൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ ജയിലുകളിൽ തടവുകാരുടെ ബാഹുല്യം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുകയും എല്ലാ തടവുകാർക്കും സ്ഥല പരിമിതയില്ലാതെ താമസിക്കുവാൻ കഴിയുന്നതുമാണ്. 60 വയസ്സിന് മുകളിൽ പ്രായമുള്ള തടവുകാർക്കും സ്ത്രീ തടവുകാർക്കും തുറന്ന ജയിലിലെ അന്തേവാസികൾക്കും കൂടുതൽ സൗകര്യങ്ങൾ നല്കുന്നതിന്റെ ഭാഗമായി കട്ടിലുകൾ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജയിലുകളിലെയും അടുക്കളകൾ നവീകരിച്ചിട്ടുമുണ്ട്.<br>കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുള്ള 3 സെൻട്രൽ ജയിലുകളിൽ തടവുകാരുടെ വസ്ത്രങ്ങൾ യഥാസമയം കഴുകി അണുവിമുക്തമാക്കി ഉണക്കി എടുക്കുന്നതിനായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ പവർ ലോണ്ട്രികൾ സ്ഥാപിക്കുകയും മറ്റ് രണ്ട് സെൻട്രൽ ജയിലിലുകളിലും പവർലോണ്ട്രികൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുമുണ്ട്. തടവുകാർക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിന് RO/UV പ്ലാന്റുകൾ തിരുവനന്തപുരം സെൻട്രൽ ജയിലിൽ സ്ഥാപിക്കുകയും മറ്റ് രണ്ട് സെൻട്രൽ ജയിലുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശിക്ഷാ തടവുകാരുള്ള പ്രധാനപ്പെട്ട ജയിലുകളിൽ തടവുകാരെ വിവിധ തൊഴിലുകളിൽ നൈപുണ്യമുള്ളവരാക്കുന്നതിന് വിവിധതൊഴിൽ പരിശീലന പരിപാടികൾ |

നടപ്പിലാക്കിവരുന്നു. അപ്രകാരം ജയിലുകളിൽ നിന്നും വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ച തടവുകാർക്ക് ജയിൽ മോചനത്തിന് ശേഷം ടി തൊഴിലുകളെ ആശ്രയിച്ച് വരുമാനം കണ്ടെത്താവുന്നതാണ്. അതുവഴി അവരുടെ സമൂഹത്തിലുള്ള പുനരധിവാസം എളുപ്പത്തിലാക്കുന്നതിന് സഹായകരമാവുന്നു.

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിൽ മാനസികരോഗികളായ തടവുകാരെ പാർപ്പിക്കുന്നതിനായുള്ള ബ്ലോക്കിന്റെ നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തടവുകാർക്ക് കേസുകളിന്മേലുള്ള നിയമസഹായം ലഭിക്കുന്നതിന് എല്ലാ ജയിലുകളിലും ലീഗൽ എയ്ഡ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

2014 കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം തടവുകാരുടെ ഡയറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

തടവുകാരുടെ മന:പരിവർത്തനത്തിനായി മതപരവുമായുള്ളതും മറ്റ് വിവിധ വിഷയങ്ങളിലും സാന്മാർഗ്ഗിക ബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധസംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിനോദത്തിനുള്ള മറ്റ് ക്ഷേമ പരിപാടികൾ എന്നിവ നിരന്തരം സംഘടിപ്പിച്ചു വരുന്നു. അന്തേവാസികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി നിരക്ഷരരായ അന്തേവാസികൾക്ക് സാക്ഷരതാ ക്ലാസ്സുകളും അതുപോലെ സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുമുള്ള എല്ലാ വിധ സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകി വരുന്നു. സാക്ഷരതാ മിഷനുമായി ചേർന്ന് നിരക്ഷരതാനിർമ്മാർജ്ജനത്തിന്റെ ഭാഗമായി തുല്യതാ ക്ലാസ്സ്, കമ്പ്യൂട്ടർ ക്ലാസ്സ് എന്നിവ നടത്തി വരുന്നു. വിവിധ ജയിലുകളിൽ ടി.വി, എഫ്.എം.റേഡിയോ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കുടുംബാംഗങ്ങളും, ബന്ധുക്കളും വക്കീലന്മാരുമായി ആശയവിനിമയം

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് ടെലഫോൺ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | കേരളത്തിലെ ജയിലുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുക വീതം വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ ? | (ബി) | **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2016-17 സാമ്പത്തിക വർഷം ജയിലുകളുടെ ആധുനികവത്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾക്കായി തുക വകയിരുത്തി നടപ്പിലാക്കിവരുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | പത്തനംതിട്ട ജില്ലാ ജയിലിലെ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം | 5,50,00,000/- |
| 2 | ആലപ്പുഴ ജില്ലാ ജയിലിലെ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം | 5,50,00,000/- |
| 3 | **ജയിലുകളിലെ അടുക്കള നവീകരണം** | |
| | 1. സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ | 3,80,000/- |
| | 2. സബ് ജയിൽ, ചാവക്കാട് | 19,50,000/- |
| | 3. ജില്ലാ ജയിൽ, വിയ്യൂർ | 20,00,000/- |
| | 4. സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ | 7,50,000/- |
| | 5. ജില്ലാ ജയിൽ, എറണാകുളം | 3,00,000/- |
| 4 | ദേവികുളം സ്പെഷ്യൽ സബ് ജയിലിലെ തകർന്ന ചുറ്റുമതിൽ പുനർനിർമ്മാണം | 46,17,000/- |
| | ആകെ | 11,99,97,000/- |

2016-17 സാമ്പത്തിക വർഷം തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന പ്രവൃത്തികൾക്ക് തുക വകയിരുത്തി നടപ്പിലാക്കി വരുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർക്കായുള്ള പ്രാർത്ഥനാ ഹാളിന്റെ നിർമ്മാണം | 2,50,00,000/- |
| 2 | ചീമേനി തുറന്ന ജയിലിലെ വിവിധ ഫാമുകളുടെ നിർമ്മാണം | 32,00,000/- |
| 3 | കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാർക്കുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മാണം | 9,00,000/- |
| 4 | തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഫ്രീ ഫാഷനിസ്റ്റയുടെ വിപുലീകരണം | 31,00,000/- |
| 5 | സെൻട്രൽ പ്രിസണുകളിൽ RO/UV പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് | 31,00,000/- |
| 6 | സെൻട്രൽ ജയിലുകളിൽ പവർ ലോണ്ട്രി സംവിധാനം സ്ഥാപിക്കുന്നതിന് | 45,00,000/- |
| | ആകെ | 3,98,00,000/- |

പുതിയ 5 ജയിലുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ചുവടെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ഹൈസെക്യൂരിറ്റി പ്രിസൺ, വിയ്യൂർ | 6,66,00,000/- |
| 2 | സെൻട്രൽ പ്രിസൺ, തവനൂർ | 14,74,89,179/- |
| 3 | ജില്ലാ ജയിൽ, മലമ്പുഴ | 3,07,00,000/- |
| 4 | സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട | 8,00,00,000/- |
| 5 | ജില്ലാ ജയിൽ, മുട്ടം, ഇടുക്കി | 48,50,000/- |
| ആകെ | | 32,96,39,179 |

2017-18 സാമ്പത്തിക വർഷം ജയിലുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ചുവടെ പറയുന്ന വിധത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | **ജയിലുകളുടെ അടുക്കള നവീകരണം:-** | |
| | 1. സബ് ജയിൽ, തിരൂർ | 3,00,000/- |
| | 2. സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട് | 5,00,000/- |
| | 3. വനിതാ ജയിൽ, കണ്ണൂർ | 5,00,000/- |
| | 4. ജില്ലാ ജയിൽ, കൊല്ലം | 75,00,000/- |
| 2 | ഫോട്ടോ കോപ്പിയർ വാങ്ങുന്നതിന് | 7,97,047/- |
| 3 | ത്രാസ്സുകൾ വാങ്ങുന്നതിന് (ഇലക്ട്രോണിക്) | 2,00,000/- |
| 4 | ചീമേനി തുറന്ന ജയിലിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം | 2,00,00,000/- |
| 5 | ചീമേനി തുറന്ന ജയിലിലെ ബാരക്ക് നിർമ്മാണം | 3,08,00,000/- |
| 6 | മാനന്തവാടി ജില്ലാ ജയിലിലെ സൂപ്രണ്ട്-സ്റ്റാഫ് ക്വാർട്ടേഴ്സ്, സ്റ്റാഫ് റെസ്റ്റ് റൂം എന്നിവയുടെ നിർമ്മാണം | 2,00,00,000/- |
| 7 | ഉത്തരമേഖലാ ഡി.ഐ.ജി. - കോഴിക്കോട് ജില്ലാ ജയിൽ സൂപ്രണ്ട് എന്നിവർക്കായുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം | 1,00,00,000/- |
| 8 | വിയ്യൂർ, സെൻട്രൽ ജയിലിലെ മൾട്ടീ പർപ്പസ് ആഡിറ്റോറിയത്തിന്റെ നിർമ്മാണം | 1,62,00,000/- |
| 9 | വിയ്യൂർ, സെൻട്രൽ ജയിലിലെ സെല്ലുകളിൽ ഫാൻ സ്ഥാപിക്കുന്നതിന് | 9,20,000/- |
| 10 | സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ് – അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം | 63,00,000/- |

| | | |
|---|---|---|
| 11 | സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ്-സെല്ലുകളിലും വരാന്തയിലും ടൈൽ പാകുന്നതിന് | 7,00,000/- |
| 12 | സ്പെഷ്യൽ സബ് ജയിൽ കാസർഗോഡ്-റെസ്റ്റ് റൂമിന് താഴെയായി ഗ്രില്ല് സ്ഥാപിക്കുന്നതിന് | 50,000/- |
| 13 | വിയ്യൂർ വനിതാ ജയിലിൽ ഇൻറർവ്യൂ റൂം, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണം | 55,00,000/- |
| 14 | ഉത്തരമേഖലാ ഡി.ഐ.ജി. ഓഫീസിന്റെ ഒന്നാം നിലയുടെ നിർമ്മാണം | 35,00,000/- |
| 15 | സ്പെഷ്യൽ സബ് ജയിൽ, വൈത്തിരി - മേൽക്കൂരയുടെ ട്രസ്സ് വർക്കിന് | 7,00,000/- |
| 16 | കോഴിക്കോട് ജില്ലാ ജയിൽ - സെല്ലുകളിൽ ടൈൽ പാകുന്നതിന് | 10,00,000/- |
| 17 | ഇൻറർവ്യൂ റൂം, കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ സ്ഥാപിക്കുന്നതിന് | 9,56,000/- |
| 18 | പൊന്നാനി സബ് ജയിലിലെ സെല്ലുകളുടെ അറ്റകുറ്റപ്പണികൾക്ക് | 3,75,000/- |
| 19 | സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട് - ഒന്നാം നിലയിൽ സെല്ലുകൾ നിർമ്മിക്കുന്നതിന് | 24,99,000/- |
| 20 | പൊന്നാനി സബ് ജയിലിലെ അടുക്കള നവീകരണത്തിന് | 3,00,000/- |
| 21 | വടകര സബ് ജയിലിലെ അടുക്കള നവീകരണം | 2,00,000/- |
| ആകെ | | 12,97,97,047/- |

<u>തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 കാലയളവിൽ ചെയ്ത പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.</u>

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 17 ജയിലുകളിൽ സി.സി.ടി.വി സംവിധാനം സ്ഥാപിക്കുന്നതിന് | 2,06,83,228/- |
| 2 | 3 സെൻട്രൽ ജയിലുകളിൽ സി.സി.ടി.വി. സംവിധാനത്തോടുകൂടിയുള്ള മോഡേൺ ഇൻറർവ്യൂ ഹാളിന്റെ നിർമ്മാണം | 99,67,320/- |
| 3 | തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ പ്രിസണുകളിൽ പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് | 49,99,469/- |
| 4 | സെൻട്രൽ ജയിലുകളിലും, ഓപ്പൺ ജയിലുകളിലും പൗൾട്രീ ഫാം സ്ഥാപിക്കുന്നതിന് | 30,00,000/- |
| 5 | കണ്ണൂർ, സെൻട്രൽ ജയിലിൽ ബേക്കറി യൂണിറ്റ് സ്ഥാപിക്കുന്നതിന് | 20,00,000/- |
| ആകെ | | 4,06,50,017 |

2018-19 ജയിലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചുവടെ പറയുന്ന വിധത്തിൽ തുക വകയിരുത്തിയിട്ടുണ്ട്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | ജയിലുകളിലെ മാനസിക രോഗികളായ തടവുകാരുടെ പുനരധിവാസത്തിനുള്ള ബ്ലോക്കുകളുടെ നിർമ്മാണം:- | |
| | 1. സെൻട്രൽ പ്രിസൺ, തിരുവനന്തപുരം | 2,00,00,000/- |
| | 2. സെൻട്രൽ പ്രിസൺ, വിയ്യൂർ | 1,98,00,000/- |
| | 3. സെൻട്രൽ പ്രിസൺ, കണ്ണൂർ | 2,00,00,000/- |
| 2 | **ജയിലുകളിലെ അടുക്കള നവീകരണം** | |
| | 1. ജില്ലാ ജയിൽ, കോട്ടയം | 13,14,000/- |
| | 2. സബ് ജയിൽ, മീനച്ചിൽ | 20,00,000/- |
| | 3. സബ് ജയിൽ, വിയ്യൂർ | 17,60,000/- |
| | 4. സബ് ജയിൽ, പീരുമേട് | 16,00,000/- |
| | 5. ഓപ്പൺ പ്രിസൺ, നെട്ടുകാൽത്തേരി & അനക്സ് | 31,38,000/- |
| 3 | വിയ്യൂർ സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ ജയിൽ മ്യൂസിയം സ്ഥാപിക്കുന്നതിന് | 3,00,00,000/- |
| 4 | ഇ-ഫയൽ മാനേജ്മെൻറ് സിസ്റ്റം നടപ്പിലാക്കുന്നതിന് | 45,00,000/- |
| 5 | വാഹനങ്ങൾ വാങ്ങുന്നതിന് | 85,00,000/- |
| 6 | കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ നിർമ്മാണം | 3,02,88,000/- |
| ആകെ | | 14,29,00,000/- |

(തിരുവനന്തപുരം, വിയ്യൂർ വനിതാ ജയിലുകളിൽ ക്രഷുകൾ സ്ഥാപിക്കുന്നതിനായി 21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും സംസ്ഥാനത്ത പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി ഒഴിവാക്കാനുള്ള നിർദ്ദേശം ധനവകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്.)

തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 കാലയളവിൽ നടപ്പിലാക്കുന്നതിനായി ചുവടെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | 6 ജയിലുകളിലെ സി.സി.ടി.വി. സംവിധാനത്തിന്റെ നവീകരണത്തിന് | 4,60,00,000/- |
| 2 | 8 ജയിലുകളിലെ സി.സി.ടി.വി. സംവിധാനത്തിന്റെ AMC യ്ക്ക് | 7,82,000/- |

| | | |
|---|---|---|
| 3 | ജില്ലാ ജയിൽ, മലമ്പുഴ - സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുന്നതിന് | 35,00,000/- |
| 4 | ലൈബ്രറി നവീകരണത്തിനും പുസ്തകങ്ങൾ വാങ്ങുന്നതിനും | 20,37,000/- |
| 5 | സെൻട്രൽ ജയിലുകളിൽ ഇലക്ട്രോണിക്സ് ട്രോളി വാങ്ങുന്നതിന് | 5,81,000/- |
| 6 | ജയിലുകളിൽ ടെലിവിഷൻ സെറ്റുകൾ വാങ്ങുന്നതിന് | 20,00,000/- |
| 7 | അന്തേവാസികൾക്കായി കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് | 10,00,000/- |
| 8 | LED പ്രൊജക്ടർ വാങ്ങുന്നതിന് | 1,50,000/- |
| ആകെ | | 5,60,50,000/- |

സെക്ഷൻ ഓഫീസർ